# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**06.11.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.10.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയുടെ നിർവഹണ ചെലവ് 504 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ 322 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 66 കോടി രൂപയും , ജില്ലാ പഞ്ചായത്തുകൾ 79 കോടി രൂപയും, മുനിസിപ്പാലിറ്റികൾ 18 കോടി രൂപയും കോർപ്പറേഷനുകൾ 13 കോടി രൂപയും ചെലവായതായി കാണപ്പെട്ടു.

2.2 അടുത്ത വാർഷിക ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഷോർട്ട്ഫാൾ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. എന്നാൽ മുൻവർഷത്തെ കണക്കുകളുടെ ഡാറ്റാഎൻട്രി ഇനിയും പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ അതിനാവശ്യമായ സഹായം ധനകാര്യ വകുപ്പിന് പഞ്ചായത്ത് ഡയറക്ടർ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 19134/ഡി.ബി.3/2013/തസ്വഭവ)**
**തീയതി 06.11.2013**

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ തോട്ടട പ്രവർത്തിക്കുന്ന അന്ധരുടെ സ്ഥാപനത്തിലേയ്ക്ക് ഒരു വാഹനം വാങ്ങി നൽകാനുള്ള ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം 64542/ഡി.ബി1/2013/തസ്വഭവ)**
**തീയതി.06.11.2013**

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വനിതകൾക്ക് ചെറുകിട വ്യാപാരങ്ങൾ ചെയ്യുന്നതിന് കിയോസ്ക്കുകൾ നിർമ്മിച്ചു നൽകാനുള്ള പദ്ധതിയെ സംബന്ധിച്ച് വിശദവിരം ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം 56958/എഫ്.എം.1/2013/തസ്വഭവ**
**തീയതി. 23.10 .2013**

നികുതി കാര്യക്ഷമതയുടെ അടിസ്ഥാനത്തിലുള്ള ഫണ്ട് വിതരണം സംബന്ധിച്ച് മന്ത്രിസഭയിൽ തീരുമാനമെടുക്കുന്നതിനായി തത്സംബന്ധമായ വിഷയങ്ങൾ ഉൾപ്പെടുത്തി ക്യാബിനറ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.10.2013-ലെ യോഗം ഇനം 3.17 ആയി നിർദ്ദേശിച്ചിരുന്നതാണെന്ന് നിരീക്ഷിച്ചു. അതിനുശേഷം പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽനം39714/ഡി.ബി3/2013/തസ്വഭവ)തീയതി.06.11.2013**

തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യത്തിനു വാങ്ങിയ വാഹനത്തിന് അധികമായി ചെലവു വന്ന 30419/രൂപയ്ക്ക് സാധൂകരണം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പറപ്പൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം 57984/ഡി.ബി3/2013/തസ്വഭവ)തീയതി.06.11.2013**

പാലിയേറ്റീവ് പരിചരണ പദ്ധതിക്ക് വാഹനം വാങ്ങി നൽകാനുള്ള ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം66432/ഡി.ബി3/2013/തസ്വഭവ)തീയതി.06.11.2013**

പീരുമേട് താലൂക്കിലെ നാരകംപുഴ-ഉറുമ്പിക്കര റോഡിന്റെ നിർമ്മാണം ടെണ്ടർ നടപടികളിലൂടെ നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (തീയതി.06.11.2013)**

ഗ്രാമപഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികൾ പൊതുമരാമത്ത് ചട്ടങ്ങൾ അനുസരിച്ച് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കുന്ദമംഗലം ഗ്രാമപഞ്ചായത്ത് (തീയതി.06.11.2013)**

കുന്ദമംഗലം ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിരിക്കുന്ന അസറ്റ് മാപ്പിംഗ് പ്രവൃത്തി അംഗീകരിക്കേതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കൊല്ലം ജില്ലാപഞ്ചായത്ത് (ഫയൽ നം.27990/ഡി.ബി.3/13/തസ്വഭവ)തീയതി.06.11.2013**

ജില്ലാപഞ്ചായത്തിലെ ചെപ്രമുക്ക് - മരുതൻ പള്ളി റോഡ് റീടാറിംഗ് തലയാറ്റു കോളനി സമഗ്ര വികസനം എന്നീ പ്രവൃത്തികളുടെ ബിൽ തുക നൽകാൻ അനുവദിച്ചു തീരുമാനിച്ചു. അതോടൊപ്പം ബിൽ വൈകിയതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെടാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പ്രൂതൃക്ക ഗ്രാമപഞ്ചായത്ത് (ഫയൽ നം.67005/ഡി.എ1/13/തസ്വഭവ) തീയതി.06.11.2013**

പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മുളക്കുളം ഗ്രാമപഞ്ചായത്ത് തീയതി.06.11.2013**

ഗ്രാമപഞ്ചായത്ത് പലിശ കുടിശ്ശികയിനത്തിൽ തുക നൽകുന്നതു സംബന്ധിച്ച് വകുപ്പുതല തീരുമാനം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൊടുമൺ ഗ്രാമപഞ്ചായത്ത് (ഫയൽ നം.77331/ഡിബി.1/തസ്വഭവ/2013)**
**തീയതി.06.11.2013**

കരാർ മുഖേന പ്രവൃത്തികൾ ചെയ്യുമ്പോൾ സബ്സിഡി നിരക്കുകൾ ഒഴിവാക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 20.11.2013ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ ചേരുന്നതാണ്.***

**(യോഗം 9.00 ന് അവസാനിച്ചു)**